Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ, അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ പിരിച്ചുവിടുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ്

സ.ഉ(സാധാ) നം. 952/12/തസ്വഭവ തിരുവനന്തപുരം, തീയതി, 29.03.2012

---

പരാമർശം:- 1. 26.08.2009-ലെ സ.ഉ.(എം.എസ്)നം.167/09/തസ്വഭവ നമ്പർ ഉത്തരവ്.
2. 16.05.2011-ലെ സ.ഉ(സാധാ) നം.1216/11/തസ്വഭവ നമ്പർ ഉത്തരവ്.
3. 29.06.2011-ലെ സ.ഉ(സാധാ) നം.1549/11/തസ്വഭവ നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറെ പദ്ധതി നിർവ്വഹണത്തിൽ സഹായിക്കുവാൻ കരാർ വ്യവസ്ഥയിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറെയും ഒരു അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും , അതുപോലെ ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനെ സഹായിക്കുവാൻ കരാർ വ്യവസ്ഥയിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയറെയും ഒരു അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും നിയമിക്കുവാൻ 26.08.2009 - ലെ സ.ഉ.(എം.എസ്) നം.167/09/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള അധികാരം യഥാക്രമം ബ്ലോക്ക് പഞ്ചായത്തിലും ഗ്രാമപഞ്ചായത്തിലുമാണ് നിക്ഷിപ്തമായിട്ടുള്ളത്.

2) കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ, അക്കൗണ്ടന്റ് -കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരുടെ കരാർ ഓരോ വർഷം പുതുക്കുന്നതിനും, കരാർ അവസാനിപ്പിക്കുന്നതിനുമുള്ള വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ടും, പ്രസ്തുത നടപടികളുടെ പരിശോധനയും അംഗീകാരം നൽകലും ജില്ലാ പ്രോഗ്രാം കോർഡിനേറ്ററായ ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കിക്കൊണ്ടും 16.05.2011 -ലെ സ.ഉ(സാധാ) നം.1216/11/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഭരണസമിതികളുടെ അധികാരത്തെ പരിമിതപ്പെടുത്തുന്നുവെന്ന് ബ്ലോക്ക്/

ഗ്രാമപഞ്ചായത്ത് ഭരണസമിതിയിൽ നിന്നും പരാതി ഉയർന്നതിനെ തുടർന്ന് പരാമർശം (2) റദ്ദ് ചെയ്തുകൊണ്ടും കരാർ അടിസ്ഥാനത്തിലുള്ള നിയമനാധികാരം ബ്ലോക്ക്/ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിക്കൊണ്ടും പരാമർശം (3) പുറപ്പെടുവിക്കുകയുണ്ടായി.

3) അടുത്ത കാലത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയർ, അക്കൗണ്ടന്റ് -കം-ഡേറ്റാ എൻട്രി ഓപ്പറേറ്റേഴ്സ് എന്നിവരെ മതിയായ കാരണമില്ലാതെ പിരിച്ചുവിടുന്നുവെന്ന പരാതി ഉയർന്ന സാഹചര്യത്തിൽ യോഗ്യതയുള്ളവരും നല്ല രീതിയിൽ പ്രവർത്തിക്കുന്നവരുമായ കരാർ ജീവനക്കാരെ അകാരണമായി പിരിച്ചുവിടുന്നതൊഴിവാക്കാൻ ചുവടെ ചേർക്കുന്ന നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) നിലവിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയർ, അക്കൗണ്ടന്റ് -കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ പിരിച്ചു വിടുന്നതിന് മുൻപായി ഗ്രാമവികസന കമ്മീഷണറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതും അനുമതി ലഭ്യമായ ശേഷം മാത്രം പിരിച്ചുവിടൽ നടപടി പ്രാബല്യത്തിൽ വരുത്തേണ്ടതുമാണ്.

ii) 2012 ജനുവരി ഒന്നിനു ശേഷം നടന്ന പിരിച്ചുവിടൽ ഉത്തരവുകൾ സംബന്ധിച്ച് പിരിശോധിച്ച് തീരുമാനം എടുക്കാൻ ഗ്രാമവികസന കമ്മീഷണറെ അധികാരപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജെയിംസ് വർഗ്ഗീസ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ , തിരുവനന്തപുരം .

മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സെൽ, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ( എ & ഇ) , കേരള , തിരുവനന്തപുരം/ തൃശൂർ.

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം, (ആവശ്യമായ പരസ്യ പ്രചാരണത്തിനായി)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം, (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ആഫീസ് കോപ്പി.

പകർപ്പ് : ബഹു. ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ പി. എസ് - ന്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ